# വചനാനുസരണമുള്ള സഭാ പ്രവൃത്തി

കർത്താവിന്റെ സഭ എന്തു ചെയ്യണം എന്നു പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു. കർത്താവു അപ്പൊസ്തലന്മാർക്കു വിട്ടു കൊടുത്ത മഹത്തായ ആജ്ഞ അവർ എങ്ങനെ നടപ്പാക്കി എന്നു പറയുന്ന രേഖയാണ് അത്. യേശു അപ്പൊസ്തലന്മാരോടു പരിശുദ്ധാത്മാവു ലഭിക്കുവോളം യെരുശലേമിൽ തന്നെ പാർക്കണമെന്നും അപ്പോൾ അവർക്കു താൻ കൊടുത്ത വെല്ലുവിളി അതിജീവിക്കുവാനുള്ള ശക്തി ലഭിക്കുമെന്നും അരുളിച്ചെയ്തിരുന്നു (പ്രവൃത്തികൾ 1:8). അവർ ആത്മശ്വാസിയരാകും (1) യേശുക്രിസ്തു പഠിപ്പിച്ചതെല്ലാം ഓർക്കുന്നതിനും, (2) യേശു ക്രിസ്തുവിനെ സാക്ഷ്യം വഹിക്കേണ്ടതിനും, (3) അവർക്ക് അപ്പൊസ്തലന്മാരായി ഫലപ്രദമായി പ്രവർത്തിക്കുവാനും ആവശ്യമായ സകല സത്യത്തിലും അവരെ വഴി നടത്തേണ്ടതിന്നും ആയിരുന്നു (യോഹന്നാൻ 14:26; 15:26, 27; 16:13).

അവരുടെ നേതൃത്വത്തിലും ഉപദേശങ്ങളിലും അവർ ദൈവശ്വാസിയർ ആകേണ്ടിയിരുന്നു. സുവിശേഷം പ്രസംഗിക്കയും വിശ്വാസികൾ മാനസ്സാന്തരപ്പെട്ടു സ്നാനപ്പെട്ട ക്രിസ്തുവിലായ ശേഷവും, അവരെ തുടർന്നു പഠിപ്പിക്കേണ്ടായിരുന്നു (മത്തായി 28:20). യേശു കല്പിച്ച എല്ലാ കല്പനകളും പുതിയ ക്രിസ്ത്യാനികൾ പ്രമാണിക്കുവാൻ അപ്പൊസ്തലന്മാർ അവരെ നയിക്കേണ്ടിയിരുന്നു. അതുകൊണ്ട്, ആദിമ ക്രിസ്ത്യാനികളെ അപ്പൊസ്തലന്മാർ എങ്ങനെ നയിച്ചു എന്നു വെളിപ്പെടുത്തിയിരിക്കുന്നതാണ് എല്ലാ തലമുറകളിലേയും അവന്റെ സഭ യിൽ നിന്നു കർത്താവു പ്രതീക്ഷിക്കുന്നത്.

ശ്രദ്ധേയമായ ആത്മിക വർദ്ധനവു, ശുദ്ധീകരണം, വർദ്ധനവു എന്നിവ ലൂക്കൊസ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രവൃത്തികൾ 9:31). ലോകത്തിലെ മുപ്പതു വർഷത്തെ ചരിത്രമാണ് പ്രവൃത്തികളുടെ പുസ്തകം നല്കുന്നത് (ഏതാണ്ട് എ.ഡി. 33 മുതൽ 62 വരെ), എങ്കിലും കർത്താവിന്റെ സഭയെ സംബന്ധിച്ചു ഒരു പക്ഷെ ഈ മൂന്നു ദശാബ്ദക്കാലത്തെ ചരിത്രം വളരെ പ്രാധാന്യമുള്ളതാണ്. കർത്താവിന്റെ സഭയ്ക്കു എങ്ങനെ അവനെ പ്രസാദിപ്പിക്കാമെന്നും ഈ പുസ്തകം പറയുന്നു.

### സഭകൾ നഷ്ടപ്പെട്ടവരെ പഠിപ്പിച്ചു

ദൈവാലയത്തിൽ ദിവസവും ഉപദേശിച്ചുകൊണ്ട്, അപ്പൊസ്തല

ന്മാർ ആദ്യം മാതൃക വെച്ചിരിക്കുന്നു (പ്രവൃത്തികൾ 2:42, 46). ഈ പരിശീലനം ആയിരക്കണക്കിനു ആത്മാക്കളെ പരിവർത്തനത്തിലേക്കു നയിച്ചു. അധികം താമസിക്കാതെ, യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത് എന്നു അവരെ വിലക്കുകയുണ്ടായി; എന്നാൽ അപ്പൊസ്തലന്മാർ ആ ആവശ്യങ്ങളെ നിരസിച്ചു (പ്രവൃത്തികൾ 4:17–19). അവർ തുടർന്നും തറപ്പിച്ചു പ്രസംഗിച്ചുകൊണ്ടിരുന്നു, ഒരവസരത്തിൽ യെഹൂദ പ്രമാണിമാരാൽ ഭയങ്കര അടി. അവർ ഏറ്റതായും ലൂക്കൊസ് രേഖപ്പെടുത്തിയിട്ടുണ്ട് (പ്രവൃത്തികൾ 5:17–21, 40).[1] ഈ ഉപദേഷ്ടാക്കന്മാർ പൊടിയുള്ള യെരുശലേം വീഥികളിലൂടെ തിരിച്ചു അവരുടെ സംഘത്തിലേക്കു പോയപ്പോൾ അവരുടെ രക്തം പുരണ്ട കാലടികൾ വിട്ടിട്ടാണ് പോയത്.

അപ്പൊസ്തലന്മാർ, മുൻപു യേശുവിനു വേണ്ടി നില്ക്കുവാൻ മടിച്ചവർ, ഇപ്പോൾ യേശുവിനു വേണ്ടി കഷ്ടം സഹിക്കുന്നതു യോഗ്യമെന്ന് എണ്ണി സന്തോഷിക്കുവാൻ തുടങ്ങി; അവർ തുടർന്നും യേശു തന്നെ ക്രിസ്തു എന്നു പ്രസംഗിച്ചുകൊണ്ടിരുന്നു (പ്രവൃത്തി കൾ 5:41, 42). അവർ ഒരേ നിലയിൽ ധൈര്യത്തോടെ പ്രസംഗിച്ചതിനു വലിയ ഫലമുണ്ടായി, ശിഷ്യന്മാരുടെ എണ്ണം വർദ്ധിച്ചുപെരുകി (പ്രവൃത്തികൾ 6:7).

സഭക്കെതിരായ ഉപദ്രവം വർദ്ധിച്ചുവരാൻ തുടങ്ങി; സ്തെഫാനൊസിനെ കല്ലെറിഞ്ഞ ശേഷം, ശിഷ്യന്മാരിൽ പലരും അവരുടെ ജോലിയും വീടും എല്ലാം വിട്ടുകൊണ്ട് യെരുശലേം നഗരം തന്നെ വിട്ടുപോയി. ഓടിപ്പോയവർ, എങ്ങനെയായാലും, അവർ എവിടെ യെല്ലാം പോയോ അവിടെയെല്ലാം അവർ വചനം പ്രസംഗിച്ചു (പ്രവൃ ത്തികൾ 8:1–4). ചിലർ ശമര്യ വരെ പോയി, അവിടെ സഹായിക്കുന്ന തിനു സഭ പത്രൊസിനെയും യോഹന്നാനെയും അയച്ചു (പ്രവൃ ത്തികൾ 8:5–24). പത്രൊസും യോഹന്നാനും ശമര്യയിൽ നിന്നു തിരിച്ചു വരുമ്പോൾ, പല ഗ്രാമങ്ങളിലും പ്രസംഗിച്ചു (പ്രവൃത്തികൾ 8:25).

അതേ ഉപദ്രവത്തിന്റെ ഫലമായി, അസംഖ്യം ക്രിസ്ത്യാനികൾ സുറിയയിലെ അന്ത്യൊക്ക്യയിലേക്കു പോയി; യെരുശലേം സഭ അവരെ സഹായിക്കേണ്ടതിന്നു ഉപദേഷ്ടാക്കന്മാരെ അയച്ചു (പ്രവൃത്തികൾ 11:19–26). പ്രവൃത്തികൾ 2 രേഖപ്പെടുത്തിയിട്ട് അനേക വർഷങ്ങൾ കഴിഞ്ഞിട്ടും, സുവിശേഷ പ്രസംഗങ്ങളുടെ നിരന്തരമായ പ്രവൃത്തി കൾ ലൂക്കൊസ് രേഖപ്പെടുത്തിക്കൊണ്ടേയിരുന്നു. മൂന്നു മിഷണറി യാത്രകൾ നടന്നതിൽ ഒന്നാമത്തേതിനു പെട്ടെന്ന് അന്ത്യൊക്യസഭ ബർന്നബാസിനേയും പൗലൊസിനേയും അയച്ചു (പ്രവൃത്തികൾ 13:1–3). ഈ യാത്രകളിൽ സംഭവിച്ചതിനെ സംയോജിപ്പിച്ചതായ പ്രവൃത്തികളുടെ പുസ്തകത്തിലെ ശേഷിച്ച മിക്ക ഭാഗങ്ങളും.

പിന്നീടുള്ള വർഷങ്ങളിൽ യെരുശലേം അന്ത്യൊക്യാ സഭകളെ പോലെ മറ്റു സഭകളും സുവിശേഷ പ്രചരണത്തിൽ മുന്നിട്ടിരുന്നു. തെസ്സലൊനിക്യാ സഭ വചനം മറ്റുള്ളവരെ കേൾപ്പിക്കയുണ്ടായി (1 തെസ്സലൊനിക്യർ 1:7, 8), ആസ്യ മുഴുവൻ വചനം വ്യാപിപ്പിക്കുന്നതിനു എഫെസ്യസഭ സഹായിച്ചു (പ്രവൃത്തികൾ 19:10).

സുവിശേഷം പ്രസംഗിക്കുവാനുള്ള ജോലി യേശു അപ്പൊസ്തലന്മാർക്കു കൊടുത്തു, അവർ അതെങ്ങനെ പൂർത്തിയാക്കി എന്നു പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു. സഭ എന്നതു "[ക്രിസ്തു]വിന്റെ സർവ്വവും" ആണെന്ന് (എഫെസ്യർ 1:22, 23) പൗലൊസ് ഉപദേശിക്കുന്നതെന്തെന്നാൽ, യേശു ഈ ഭൂമിയിലായിരുന്നെങ്കിൽ എന്തു ചെയ്യുമോ അതു സഭ ചെയ്യണമെന്ന് സൂചിപ്പിക്കുന്നു! പ്രാരംഭ ഇടവകകൾ അതു ചെയ്തിരുന്നു, എല്ലാ തലമുറകളിലും കർത്താവിന്റെ സഭയുടെ ഇടവകകൾ ആക്രമിച്ചു സുവിശേഷ പ്രവർത്തനം നടത്തണമെന്ന് കർത്താവു ആഗ്രഹിക്കുന്നു.

**സഭകൾ വിശുദ്ധന്മാരെ ആത്മിക വർദ്ധനവുവരുത്തി**

യെരുശലേം സഭ അംഗസംഖ്യയിലും ആത്മീയതയിലും, ആരംഭ വീര്യവും വളർച്ചയും കൈവരിച്ചു. അതിലെ അംഗങ്ങൾ ശരിയായ ആരാധനയും പഠനവും തുടർന്നു വന്നു (പ്രവൃത്തികൾ 2:42). അവർ "ഏക ഹൃദയവും ഏകാത്മാവും" ഉള്ളവരായി തീർന്നു (പ്രവൃത്തികൾ 4:32), ദൈവഹിതപ്രകാരമായിരുന്നു അവർ വളർന്നത് (പ്രവൃത്തികൾ 5:11). അവരുടെ ജീവിതത്തിൽ ദൈവ വചനം ഫലപ്രദമായി വളരുവാൻ അവർ അനുവദിച്ചു (പ്രവൃത്തികൾ 6:7).

ഭക്തിയുള്ള പുരുഷന്മാർ യെഹൂദന്മാർ കൊന്ന സ്തെഫാനൊസിന്റെ ശരീരം ധൈര്യപൂർവ്വം അടക്കം ചെയ്തു (പ്രവൃത്തികൾ 8:2). ജീവനും കൊണ്ട് ദൂരെ ഓടിപ്പോയവരും വിശ്വസ്തരായിത്തന്നെ ജീവിച്ചു (പ്രവൃത്തികൾ 8:4). സഭയെ ഭയങ്കരമായി ഉപദ്രവിച്ചിരുന്ന ശൗൽ പരിവർത്തനം സഭ, കുറെക്കാലത്തേക്കു സമാധനവും ആത്മിക വർദ്ധനവും പ്രാപിച്ചു (പ്രവൃത്തികൾ 9:31). പത്രൊസിനെ അദ്യമായി ജാതികളോടു സുവിശേഷം അറിയിക്കാൻ അയച്ചതോടെ ആദ്യ ക്രിസ്ത്യാനികൾ വർഗ്ഗീയ വ്യത്യാസത്തെക്കുറിച്ചുണ്ടായിരുന്ന സുവിശേഷ സത്യം മനസ്സിലാക്കി (പ്രവൃത്തികൾ 10 ലെ; കൊർന്നെല്യൊസും അവന്റെ കുടുംബവും). ആ മാറ്റം യെഹൂദ ക്രിസ്ത്യാനികൾക്കു സ്വീകരിക്കാൻ പ്രയാസമായിരുന്നു, എന്നാൽ സുവിശേഷം അത്തരം വർഗ്ഗീയ വേലിക്കെട്ട് മാറ്റുന്നതാണ് സുവിശേഷം എന്ന് അവർ ക്രമേണ മനസ്സിലാക്കി (പ്രവൃത്തികൾ 11:1–18).

അടുത്ത ഉപദ്രവം നേരിടുകയും യോഹന്നാന്റെ സഹോദരൻ, യാക്കൊബ് മരിക്കുകയും ചെയ്തു, എന്നാൽ സഭ പ്രവർത്തിക്കുകയും കർത്താവിന്റെ വചനത്തിൽ വളരുകയും ചെയ്തു (പ്രവൃത്തികൾ 12:12, 24). പിന്നീട്, പരിഛേദന പരിശീലിക്കുന്നതിനെക്കുറിച്ചുള്ള പുതിയ വസ്തുത അവർ പഠിച്ചു, ആ അറിവ് അവർ മറ്റു ഇടവകകളിലേക്ക് അയക്കുകയും ചെയ്തു (പ്രവൃത്തികൾ 15:22–29).

ഇക്കോന്യ, ലുസ്ത്ര, ദെർബ്ബ എന്നിവിടങ്ങളിൽ അവർ ആത്മിയ മായി വളർന്നതോടെ, ഉറപ്പിക്കുന്നതും, പ്രാർത്ഥിക്കുന്നതും, ഉപവസിക്കുന്നതും എല്ലാം അവൾ പഠിച്ചു (പ്രവൃത്തികൾ 14:21, 22). ഉപദേശങ്ങളേയും പരിശീലനങ്ങളേയും ചോദ്യം ചെയ്തു പഠിച്ചുകൊണ്ട് സുറിയയിലെ അന്ത്യൊക്യാസഭ ശക്തി പ്രാപിച്ചു (പ്രവൃത്തികൾ 15:1, 2,

33-35). ദൈവവചനപഠനം ഗൗരവമായി എടുത്ത മറ്റൊരു ഇടവക യായിരുന്നു ത്രോവാസ്; അംഗങ്ങൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഒരുമിച്ച് ആരാധിക്കുന്നതിൽ ശുഷ്ക്കാന്തി പൂണ്ടു (പ്രവൃത്തികൾ 20:7).

തുടർച്ചയായ പഠനം, ആരാധന, ഉപദേശം, എന്നിവ സഭക്കു ആത്മിയ വർദ്ധനവു നൽകയും കർത്താവിനു പ്രസാദകരമാവുകയും ചെയ്തു. ഈ ഉദ്ദേശത്തിനായി യേശു തന്റെ സഭക്കു, അപ്പൊസ്തല ന്മാരെ, പ്രവാചകന്മാരെ, സുവിശേഷകന്മാരെ, ഇടയന്മാരെ, ഉപദേഷ്ടാ ക്കന്മാരെ എന്നിവരെ നല്കി (എഫെസ്യർ 4:11-16). ഇതു ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെ മാത്രമല്ല, പിന്നീടുണ്ടാകുന്ന തലമുറ കളിലെ ആളുകൾക്കും ആ വിശുദ്ധവിശ്വാസത്തിൽ ആത്മിക വർദ്ധന വിനു സഹായിച്ചു.

## ആവശ്യമുള്ളവരെ സഭ സഹായിച്ചു

സുവിശേഷീകരണത്തിനും ആത്മികവർദ്ധനവിനും പുറമെ, ആദ്യ ഇടവകകൾ ആവശ്യമുള്ളവരെ സഹായിക്കുകയും ചെയ്തു. ഈ സഹായം അപ്പൊസ്തലന്മാരുടെ നേരിട്ടുള്ള ഉപദേശം നിമിത്തം ആയിരുന്നു (പ്രവൃത്തികൾ 11:28-30; 1 കൊരിന്ത്യർ 16:1-4) മറ്റു തലമുറ കൾക്കു അതൊരു മാതൃക ആവുകയും ചെയ്തു. പ്രത്യേക ആവശ്യം നേരിട്ട സമയത്ത് യെരുശലേം സഭ പ്രവർത്തിയോന്മുഖമായിരുന്നു,[2] അധികം താമസിക്കാതെ അന്ത്യൊക്യ സഭയുടെ സഹായം യെരുശലേം സഭയ്ക്കു വേണ്ടിവന്നു (പ്രവൃത്തികൾ 11:28-30).

പിന്നീട് ഉണ്ടായ ഒരു ക്ഷാമത്തിൽ, യെഹൂദ്യ ദേശത്തുള്ളവർ ക്കെല്ലാം സഹായം ആവശ്യമായി വന്നു; മക്കെദൊന്യയിലെ ഇടവകകൾ വളരെ ത്യാഗം സഹിച്ച് ഔദാര്യത്തോടെ, പൗലൊസ് പറയുന്നത് അവരുടെ "പ്രാപ്തിക്കപ്പുറമായി" നല്കി എന്നാണ് (2 കൊരിന്ത്യർ 8:1-5). ഈ ദുരിതാശ്വാസ മാതൃക അഖായയിലെ മറ്റു ഇടവകകളും മാതൃകയാക്കുന്നുണ്ട് (റോമർ 15:26; 2 കൊരിന്ത്യർ 9:2). ഗ്രീസിലെ കൊരിന്ത്യ സഭ മുൻപു വാഗ്ദാനം ചെയ്തതു അവർക്കു "കഴിവുള്ളതു" ചെയ്യുവാൻ പൗലൊസ് ആ ഇടവകയെ അടിന്തിരമായി പ്രബോധിപ്പിക്കയുണ്ടായി (1 കൊരിന്ത്യർ 16:1-4; 2 കൊരിന്ത്യർ 8; 9).

ഇടവകയുടെ പരിശ്രമങ്ങൾക്കു സഹായിക്കുവാൻ ക്രിസ്ത്യാനി കളെ പഠിപ്പിച്ചിരുന്നു, എന്നാൽ അവർ ഔദാര്യമായും ധാരാളമായും രഹസ്യമായി ചെയ്യുവാൻ അപേക്ഷിച്ചിട്ടുണ്ട് (ഗലാത്യർ 6:10; എഫെസ്യർ 4:28; യാക്കൊബ് 2:15, 16; 1 യോഹന്നാൻ 3:17). "വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം" എന്നു, യേശുതന്നെ പഠിപ്പിച്ചിട്ടുണ്ട്. അതു പ്രവർത്തികളിൽ പറഞ്ഞില്ലായിരുന്നുവെങ്കിൽ, അതു നമുക്കു നഷ്ടമായേനെ (പ്രവൃത്തികൾ 20:35). കർത്താവിന്റെ സഭയുടെ ഒരു മാതൃകാ ഇടവകയും ഒരു മാതൃകാ ക്രിസ്ത്യാനിയും ആവശ്യമുള്ളവരെ സഹായിക്കുന്നതു അവരുടെ ഭാഗമാണ്.

## ഉപസംഹാരം

ക്രിസ്ത്യാനികൾ വിശ്വാസത്താൽ നടക്കുന്നവരാണ് (2 കൊരിന്ത്യർ

5:7); അതായതു, ക്രിസ്ത്യാനികൾ ക്രിസ്തുവിൽ ആശ്രയിച്ചു അവന്റെ വചനപ്രകാരം ജീവിക്കും എന്നർത്ഥം (റോമർ 10:17). കർത്താവിന്റെ വാസ്തവത്തിലുള്ള ശിഷ്യന്മാർ കല്പനകൾക്കും, അധികാരങ്ങൾക്കും കർത്താവിന്റെ വചനം നോക്കും. പുതിയ നിയമ ത്തിൽ കർത്താവിന്റേയും അപ്പൊസ്തലന്മാരുടേയും ഉപദേശങ്ങളെ പിൻ പറ്റുന്നില്ലെങ്കിൽ, അയാൾക്ക് വിശ്വാസത്താൽ നടക്കുന്നു എന്നു പറയാവുന്നതല്ല. നാമധേയ വിഭാഗങ്ങൾ പരിശീലിക്കുന്നതു നന്നായി തോന്നിയേക്കാം പുറമെ ഭൗതികമായി നല്ല നേട്ടങ്ങളും കൈ വരിച്ചേക്കാം; എങ്കിലും അവയൊന്നും കർത്താവിന്റെ കല്പന പ്രകാരം അല്ലെങ്കിൽ, അവർ ക്രിസ്തുവിൽ വിശ്വസിക്കുന്നവരല്ല. അവർ മനുഷ്യ മനസ്സുകളിൽ നല്ലവരാകാം, പക്ഷെ അവർ മനുഷ്യരാലാണ്, ദൈവ ത്താലല്ല ഉളവായത്.

ദൈവം തന്റെ ജനത്തിനു പ്രവർത്തിക്കാവുന്നതു അധികാരി കളായ മൂന്നു മേഖലകൾ മാത്രമാണ് നല്കിയിരിക്കുന്നത്: സുവി ശേഷീകരണം, പ്രബോധനം, ധർമ്മോപകാരം എന്നിവയാണ്. മറ്റു സഭാ പ്രവർത്തനങ്ങളെ സംബന്ധിച്ചു വന്ന തിരുവെഴുത്തു നിശ്ശബ്ദമാണ്. ഈ മൂന്നു മേഖലകളിലുള്ള സഭാ പ്രവർത്തനം പ്രവൃത്തികളുടെ പുസ്തകത്തിൽ ഉടനീളം വ്യക്തമായി കാണാം.

വ്യക്തികൾ ഈ ജീവിതത്തിൽ അവരുടെ സ്വന്ത വഴിക്കു അദ്ധ്വാനിക്കയും സമ്പാദിക്കയും ചെയ്യാം (എഫെസ്യർ 4:28; 2 തെസ്സലൊനിക്യർ 3:12). അവരുടെ സ്വന്ത പ്രയോജനത്തിനായി എല്ലാ ബിസി നസും ചെയ്യാൻ അവർക്കു സ്വാതന്ത്ര്യമുണ്ട്. എങ്ങനെയായാലും, സഭ, ഒരിക്കലും ലാഭം – ഉണ്ടാക്കുന്ന ഒരു ബിസിനസ്സ് ആയി പറഞ്ഞിട്ടില്ല. പ്രാരംഭ സഭ എല്ലായ്പ്പോഴും കർത്താവിന്റെ വേലക്കുള്ള ചെലവു ക ണ്ടെത്തിയത് അതിലെ അംഗങ്ങൾ സ്വയമായി നല്കുന്നതു കൊണ്ടാണ്. സഭകൾ ബാങ്കുകളോ, വീടുകളോ, കടകളോ, മറ്റു വ്യാപാര സ്ഥാപനങ്ങളോ നടത്തുന്നതു ക്രിസ്തുവിന്റെ അധികാരത്താലല്ല.

സുവിശേഷീകരണം, പ്രബോധനം, ധർമ്മോപകാരം എന്നിവ യല്ലാതെ മറ്റെന്തിലെങ്കിലും ബന്ധപ്പെട്ടതായി ബൈബിൾ പറയുന്നില്ല. മറ്റുള്ള പ്രവർത്തനങ്ങൾ എല്ലാം ബൈബിൾ അധികാരത്തിന്റെ പുറത്താണ്.

കർത്താവു പറഞ്ഞിട്ടുള്ളതും അപ്പൊസ്തലന്മാർ എഴുതപ്പെട്ട തുമായ വചനത്തെ ആദരിക്കുക – കൂടാതെ “കർത്താവ് പറയാത്ത” (കർത്താവിന്റെ നിശ്ശബ്ദത) – എന്നിവ അനുസരിച്ചാണ് കൃത്യമായും പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവു പിരിഞ്ഞു പോകുമ്പോൾ കർത്താവു പറഞ്ഞതുപോലെ “ഞാൻ നിങ്ങളോട് കല്പിച്ചതെല്ലാം” ആണ്, കർത്താവിന്റെ സഭ പ്രവർത്തിക്കേണ്ടത് (മത്തായി 28:20).

കുറിപ്പുകൾ

[1]അത്തരം അടി റോമർ നിയമപ്രകാരം നിയമ രഹിതമായിരുന്നു, കാരണം അടിച്ചവരെ വിചാരണ ചെയ്തിരുന്നില്ല അല്ലെങ്കിൽ ഒരു കുറ്റവും തെളിയിക്കപ്പെട്ടിരുന്നില്ല. [2]ഈ പാഠത്തിലെ, "സ്നേഹിക്കുന്ന ധർമ്മോപകാരം" എന്നതു നോക്കുക.

© 2009 Truth for Today